**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5329** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഹോർട്ടികോർപ്പ് മുഖേനയുള്ള പഴം, പച്ചക്കറി വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഹോർട്ടികോർപ്പ് മുഖേന ശേഖരിച്ച് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ വിലയും പൊതുവിപണിയിലെ വിലയും തമ്മിൽ വലിയ അന്തരമില്ലെന്നും പൊതുവിപണിയിലെ വിലയേക്കാൾ കൂടുതലാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും, ഓണം, വിഷു, ഈസ്റ്റർ, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെയുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു. സംസ്ഥാനത്ത് ചില പച്ചക്കറി ഇനങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും, മൊത്ത വിതരണക്കാരിൽ നിന്നും അത്തരം പച്ചക്കറികൾ നേരിട്ട് സംഭരിച്ച് കൈകാര്യ ചിലവ് മാത്രം കണക്കാക്കി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഹോർട്ടികോർപ്പ് ചെയ്തു വരുന്നത്. ചില സന്ദർഭങ്ങളിൽ കേരളത്തിൽ ലഭ്യമാകുന്ന നാടൻ ഉൽപ്പന്നങ്ങൾ ഇതര സംസ്ഥാനത്ത് നിന്നും കുറഞ്ഞ വിലയ്ക്ക് പൊതു വിപണിയിൽ ലഭിക്കുന്നതായി ശദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | എങ്കിൽ എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഹോർട്ടികോർപ്പ് വിപണിയിടപെടൽ നടത്തുകയും, ഓണം, വിഷു, |

| | | | |
|---|---|---|---|
| | | | ഈസ്റ്റർ, റംസാൻ മുതലായ ഉത്സവകാലങ്ങളിൽ സബ്സിഡി നിരക്കിൽ പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി കേരളത്തിലെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി കാർഷിക മൊത്ത വ്യാപാര വിപണികൾ, വി.എഫ്.പി.സി.കെയുടെ സ്വാശ്രയ കർഷക വിപണികൾ, കൃഷി വകുപ്പിന്റെ ബ്ലോക്ക്തല ഫാർമർ ക്ലസ്റ്ററുകൾ, മറ്റ് കർഷക കൂട്ടായ്മകൾ മുഖേന ഉൽപ്പാദിപ്പിക്കുന്ന സുരക്ഷിതവും നല്ല കൃഷി രീതികൾ (GAP) അനുവർത്തിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പച്ചക്കറികൾ വിപണി വിലയെക്കാൾ അധിക വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചു വരുന്നു. സംസ്ഥാനത്ത് ചില പച്ചക്കറി ഇനങ്ങളുടെ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിലെ കർഷക കൂട്ടായ്മകളിൽനിന്നും, മൊത്ത വിതരണക്കാരിൽ നിന്നും അത്തരം പച്ചക്കറികൾ നേരിട്ട് സംഭരിച്ച് കൈകാര്യ ചിലവ് മാത്രം കണക്കാക്കി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ഹോർട്ടികോർപ്പ് ചെയ്തു വരുന്നത്. ചില സന്ദർഭങ്ങളിൽ കേരളത്തിൽ ലഭ്യമാകുന്ന നാടൻ ഉൽപ്പന്നങ്ങൾ ഇതര സംസ്ഥാനത്ത് നിന്നും കുറഞ്ഞ വിലയ്ക്ക് പൊതു വിപണിയിൽ ലഭിക്കുന്നതായി ശദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | ഹോർട്ടികോർപ്പ് നിലവിൽ എവിടെ നിന്നെല്ലാമാണ് പച്ചക്കറികൾ ശേഖരിക്കുന്നതെന്നും ഇതിനായി ഏജന്റുമാരെ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അഥവാ നേരിട്ടുള്ള സംഭരണമാണോ നടത്തുന്നത് എന്നുമുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (സി) | ഹോർട്ടികോർപ്പ് നിലവിൽ കേരളത്തിൽ ലഭ്യമായ തനത് പച്ചക്കറികൾ കർഷകർ, കർഷക കൂട്ടായ്മകൾ, സ്വാശ്രയ കർഷക വിപണികൾ എന്നിവ മുഖാന്തിരം സംഭരിക്കുന്നുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ ഇതര സംസ്ഥാനങ്ങളിലെ ഫാർമേഴസ് പ്രൊഡ്യൂസേഴ്സ് കമ്പനികളിൽ നിന്നും, എംപാനൽ ചെയ്തിട്ടുള്ള മൊത്ത വിതരണക്കാരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിക്കുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹോർട്ടികോർപ്പിന് പച്ചക്കറികൾ വാങ്ങി സംഭരിച്ച് വില കുറച്ച് വിതരണം ചെയ്യുന്നതിനായി സബ്സിഡി ഇനത്തിൽ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ 16,25,00,000/- രൂപയും 2022-2023 സാമ്പത്തിക വർഷത്തിൽ 15,00,00,000/- രൂപയും ഉൾപ്പെടെ ആകെ 31,25,00,000/- രൂപയാണ് വിപണിയിടപെടലിനായി സർക്കാരിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളത്. |
| (ഇ) | 2022 ജനുവരി മുതൽ നാളിതുവരെ പൊതുവിപണിയിലെ പച്ചക്കറി വിലയും ഹോർട്ടികോർപ്പിലെ വിലയും എത്രയാണെന്ന് വെളിപ്പെടുത്തുമോ; | (ഇ) | 2022 ജനുവരി മുതൽ നാളിതുവരെ പൊതുവിപണിയിലെ പച്ചക്കറി വിലയും ഹോർട്ടികോർപ്പിലെ വിലയും **അനുബന്ധമായി** ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഇത്തരത്തിൽ സബ്സിഡിയും മറ്റും നൽകിയിട്ടും പൊതുവിപണിയേക്കാൾ വില കുറച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ജങ്ങൾക്ക് ലഭിക്കുന്നില്ല എന്നത് പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (എഫ്) | കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വില അധികോൽപ്പാദനം മൂലം ക്രമാതീതമായി താഴുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ടം ഉണ്ടാകാതെ ഒരു നിശ്ചിത വില നൽകി സംഭരിക്കുന്നതിന് വേണ്ടിയും, ഉത്സവകാലത്ത് കേരളത്തിലെ കർഷകരിൽ നിന്നും വിപണി വിലയെക്കാൾ 10% അധിക വില നൽകി സംഭരിക്കുന്നതിനും 30% വില കുറച്ച് വിറ്റഴിക്കുന്നതിനുമാണ് ഹോർട്ടികോർപ്പിന് സബ്സിഡി അനുവദിക്കുന്നത്. ഹോർട്ടികോർപ്പിൽ നിന്നും ദൈനംദിനം വിപണനം നടത്തുന്ന പച്ചക്കറികൾക്ക് സർക്കാർ ധനസഹായം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഹോർട്ടികോർപ്പ് മാർക്കറ്റ് വില താരതമ്യം 2022-23 (ജനുവരി 2022 - ജൂൺ 2022) തിരുവനന്തപുരം ഡി.പി.സി

| ക്രമ നം | ഇനം പേര് | ശരാശരി വില ജനുവരി 2022 | | ശരാശരി വില ഫെബ്രുവരി 2022 | | ശരാശരി വില മാർച്ച് 2022 | | ശരാശരി വില ഏപ്രിൽ 2022 | | ശരാശരി വില മെയ് 2022 | | ശരാശരി വില ജൂൺ 2022 | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടി കോർപ്പ് വില | മാർക്കറ്റ് വില |
| 1 | ഏത്തക്ക | 46 | 50 | 48 | 50 | 60 | 65 | 65 | 70 | 67 | 72 | 73 | 77 |
| 2 | പയർ | 90 | 100 | 87 | 90 | 63 | 70 | 64 | 70 | 67 | 80 | 75 | 85 |
| 3 | പാവക്ക | 75 | 80 | 69 | 78 | 40 | 45 | 43 | 50 | 63 | 70 | 56 | 60 |
| 4 | കാബേജ് | 59 | 65 | 53 | 59 | 35 | 40 | 31 | 35 | 30 | 40 | 56 | 65 |
| 5 | കാരറ്റ് | 83 | 90 | 87 | 90 | 70 | 75 | 59 | 65 | 54 | 62 | 62 | 72 |
| 6 | മുളക് ചെറുത് | 81 | 90 | 79 | 82 | 74 | 80 | 46 | 50 | 43 | 50 | 49 | 54 |
| 7 | വെള്ളരി | 28 | 35 | 10 | 14 | 21 | 25 | 36 | 40 | 37 | 45 | 38 | 42 |
| 8 | ചേന | 28 | 40 | 30 | 35 | 27 | 35 | 28 | 40 | 30 | 40 | 48 | 53 |
| 9 | സവാള | 41 | 43 | 43 | 46 | 37 | 40 | 26 | 30 | 24 | 28 | 29 | 32 |
| 10 | ചെറിയ ഉള്ളി | 69 | 75 | 67 | 75 | 41 | 45 | 32 | 40 | 32 | 38 | 38 | 46 |
| 11 | ഉരുളകിഴങ്ങ് | 35 | 40 | 33 | 35 | 35 | 40 | 35 | 40 | 34 | 42 | 38 | 44 |
| 12 | മത്തൻ | 38 | 45 | 42 | 46 | 24 | 30 | 21 | 27 | 21 | 30 | 31 | 38 |
| 13 | പടവലം | 36 | 40 | 21 | 24 | 12 | 20 | 28 | 34 | 41 | 44 | 43 | 50 |
| 14 | തക്കാളി | 41 | 50 | 28 | 30 | 21 | 25 | 35 | 40 | 74 | 86 | 68 | 78 |
| 15 | രസകദളി | 40 | 45 | 39 | 45 | 46 | 52 | 50 | 55 | 55 | 58 | 65 | 72 |
| 16 | പാളയൻകോടൻ | 19 | 25 | 26 | 30 | 28 | 35 | 28 | 35 | 28 | 35 | 31 | 35 |

ഹോർട്ടികോർപ്പ് മാർക്കറ്റ് വില താരതമ്യം 2022-23 (ജൂലൈ 2022 - ഫെബ്രുവരി 2023) തിരുവനന്തപുരം ഡി.പി.സി

| ക്രമ നം | ഇനം പേര് | ശരാശരി വില ജൂലൈ 2022 | | ശരാശരി വില ആഗസ്റ്റ് 2022 | | ശരാശരി വില സെപ്റ്റംബർ 2022 | | ശരാശരി വില ഒക്ടോബർ 2022 | | ശരാശരി വില നവംബർ 2022 | | ശരാശരി വില ഡിസംബർ 2022 | | ശരാശരി വില ജനുവരി 2023 | | ശരാശരി വില ഫെബ്രുവരി 2023 | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില | ഹോർട്ടികോർപ്പ് വില | മാർക്കറ്റ് വില |
| 1 | ഏത്തക്ക | 59 | 65 | 53 | 60 | 54 | 60 | 51 | 60 | 46 | 52 | 52 | 54 | 55 | 58 | 51 | 53 |
| 2 | പയർ | 81 | 90 | 73 | 80 | 75 | 80 | 89 | 100 | 80 | 90 | 72 | 85 | 80 | 90 | 83 | 88 |
| 3 | പാവക്ക | 73 | 80 | 54 | 58 | 59 | 65 | 65 | 72 | 66 | 72 | 77 | 85 | 76 | 82 | 66 | 72 |
| 4 | കാബേജ് | 41 | 45 | 39 | 45 | 29 | 35 | 42 | 46 | 41 | 50 | 33 | 40 | 29 | 38 | 27 | 38 |
| 5 | കാരറ്റ് | 66 | 75 | 79 | 85 | 92 | 100 | 84 | 95 | 73 | 82 | 69 | 78 | 59 | 70 | 52 | 60 |
| 6 | മുളക്ചെറുത് | 58 | 65 | 61 | 65 | 58 | 65 | 59 | 70 | 54 | 56 | 59 | 80 | 67 | 80 | 55 | 60 |
| 7 | വെള്ളരി | 32 | 35 | 28 | 35 | 34 | 40 | 36 | 42 | 31 | 35 | 35 | 45 | 53 | 56 | 64 | 70 |
| 8 | ചേന | 47 | 55 | 39 | 45 | 37 | 45 | 42 | 55 | 37 | 45 | 36 | 45 | 41 | 54 | 48 | 55 |
| 9 | സവാള | 30 | 33 | 29 | 32 | 26 | 30 | 36 | 38 | 41 | 48 | 35 | 38 | 35 | 38 | 29 | 32 |
| 10 | ചെറിയഉള്ളി | 35 | 40 | 35 | 40 | 41 | 45 | 73 | 80 | 79 | 90 | 89 | 110 | 89 | 100 | 61 | 65 |
| 11 | ഉരുളകിഴങ്ങ് | 44 | 50 | 40 | 45 | 40 | 45 | 46 | 50 | 44 | 52 | 43 | 52 | 39 | 50 | 33 | 38 |
| 12 | മത്തൻ | 26 | 30 | 19 | 25 | 20 | 25 | 32 | 35 | 30 | 35 | 26 | 32 | 24 | 30 | 22 | 30 |
| 13 | പടവലം | 44 | 48 | 28 | 32 | 37 | 40 | 44 | 52 | 40 | 45 | 36 | 42 | 34 | 40 | 46 | 50 |
| 14 | തക്കാളി | 32 | 35 | 24 | 28 | 39 | 45 | 49 | 58 | 22 | 28 | 25 | 35 | 35 | 40 | 34 | 40 |
| 15 | രസകദളി | 69 | 75 | 75 | 80 | 80 | 85 | 70 | 76 | 62 | 70 | 62 | 70 | 66 | 75 | 72 | 76 |
| 16 | പാളയൻ കോടൻ | 36 | 40 | 44 | 46 | 39 | 45 | 32 | 35 | 28 | 32 | 27 | 32 | 33 | 38 | 38 | 40 |